**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം .498 — 01.07.2014 ൽ മറുപടിക്ക്

**ആധാർ കാർഡിനായി ശേഖരിച്ച വിവരങ്ങൾ**

ചോദ്യം

**ശ്രീ.റ്റി.വി.രാജേഷ്**
**ശ്രീ. എസ്. ശർമ്മ**
**ശ്രീ. കെ.വി.വിജയദാസ്**
**ശ്രീ. കെ.സുരേഷ് കുറുപ്പ്**

മറുപടി

**ശ്രീ.പി .കെ .കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)**

(എ) സംസ്ഥാനത്തെ മൂന്ന് കോടിയോളം ജനങ്ങളിൽനിന്നും ആധാർ കാർഡിനായി ശേഖരിച്ച നിർണ്ണായക വിവരങ്ങൾ കെൽട്രോൺ സ്വകാര്യ കമ്പനികൾക്കായി നൽകിയതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കമോ ;

(എ) ഉണ്ട്. പൊതുജനങ്ങളിൽ നിന്ന് ആധാർ കാർഡിനായി ശേഖരിച്ച നിർണ്ണായക വിവരങ്ങൾ ഒന്നും സ്വകാര്യ കമ്പനിക്കോ കെൽട്രോണിനോ നൽകിയിട്ടില്ല. ഈ വിവരങ്ങൾ കേരളാ സ്റ്റേറ്റ് ഐ.ടി മിഷന്റെ നിയന്ത്രണത്തിലുള്ള ഐ.എസ്.ഒ സർട്ടിഫിക്കറ്റ് ഉള്ള സ്റ്റേറ്റ് ഡാറ്റാ സെന്ററിലാണ് (SDC) സൂക്ഷിക്കുന്നത്. ഈ വിവരങ്ങൾ ഒന്നും തന്നെ നേരിട്ട് ആർക്കും ഉപയോഗിക്കുവാനോ മാറ്റം വരുത്തുവാനോ സാധിക്കാത്ത തരത്തിലാണ് ആധാർ രാജ്യത്ത് നടപ്പാക്കിയ യു.ഐ.ഡി.എ.ഐ വിവര ശേഖരണ രീതി തയ്യാറാക്കിയിട്ടുള്ളത്. പൂർണ്ണമായും encrypt ചെയ്ത വിവരങ്ങൾ യു.ഐ.ഡി.എ.ഐ നിഷ്കർഷിക്കുന്ന ടൂൾ ഉപയോഗിച്ചും രഹസ്യമായി സൂക്ഷിച്ചിട്ടുള്ള decrypt key ഉപയോഗിച്ചും മാത്രമേ കൈകാര്യം ചെയ്യാൻ സാധിക്കൂ. മാത്രമല്ല, ഇവയെല്ലാം പ്രത്യേക പാസ് വേഡുകൾ ഉപയോഗിച്ച് വീണ്ടും സുരക്ഷിതമാക്കിയിട്ടുണ്ട്. ആയതിനാൽ ആധാർ വിവര ശേഖരണവുമായി ബന്ധപ്പെട്ട നിർണായക വിവരങ്ങൾ സംസ്ഥാന സർക്കാരിന്റെ കയ്യിൽ പൂർണ സുരക്ഷിതമായി സ്റ്റേറ്റ് ഡാറ്റ സെന്ററിൽ സൂക്ഷിച്ചിട്ടുണ്ട്.

(ബി) ആധാർ കാർഡിനായി നൽകുന്ന വിവരങ്ങൾ ഇത്തരത്തിൽ സ്വകാര്യകമ്പനിക്ക് കൈമാറുന്നതിലെ ദുരൂഹതയെക്കുറിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ കാര്യം ശ്രദ്ധയിൽപ്പെട്ട ഉടനെ തന്നെ കെൽട്രോണിൽ നിന്നും, കേരളാ സ്റ്റേറ്റ് ഐ.ടി മിഷനിൽ നിന്നും വിശദീകരണം വാങ്ങിയിരുന്നു. ആധാറിന് വേണ്ടി ശേഖരിക്കുന്ന വിവരങ്ങൾ യു.ഐ.ഡി.എ.ഐ സോഫ്റ്റ് വെയറിലൂടെ തൽസമയം ഓൺലൈനായി എൻക്രിപ്റ്റ് ചെയ്ത് സ്വീകരിക്കുന്നതിനാൽ ഈ വിവരങ്ങൾ കെൽട്രോണിനോ ഏതെങ്കിലും സ്വകാര്യ കമ്പനിക്കോ കൈമാറുവാനോ ഉപയോഗിക്കുവാനോ കഴിയുകയില്ല.

(സി) ആധാർ കാർഡിലെ വിവരങ്ങൾ പുറത്തുവിടരുതെന്ന കരാറിന്റെ ലംഘനം നടത്തിയ കെൽട്രോണിന്റെ പ്രവർത്തിയിൽ സർക്കാർ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

(സി) ആധാർ കാർഡിലെ വിവരങ്ങൾ പുറത്തു വിടരുതെന്ന കരാർ കെൽട്രോൺ ലംഘിച്ചിട്ടില്ല.

**സെക്ഷൻ ഓഫീസർ**